കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 05/2025 തിരുവനന്തപുരം, തീയതി: 07/01/2025

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ഡെസ്. (ഫാഷൻ ഡിസൈൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ജനുവരി 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് (ന്യൂജെനറേഷൻ കോഴ്സ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് (www.slcm.keralauniversity.ac.in) മുഖേന 2025 ജനുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ജനുവരി 8 മുതൽ 17 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ റീവാല്യുവേഷൻ EJ-II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2024 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. 2(b) ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (320) (സപ്ലിമെന്ററി – 2020-2023 അഡ്മിഷൻ, മേഴ്സിചാൻസ് – 2013-2018 അഡ്മിഷൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ 2025 ജനുവരി 13 ന് നടത്തുന്നു. ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ആലപ്പുഴ യൂ.ഐ.ടി. എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ചേർത്തല എസ്.എൻ. കോളേജും, ആയൂർ മാർത്തോമാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൊല്ലം യൂ.ഐ.ടി. എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കൊട്ടാരക്കര കോളേജ് ഓഫ് അപ്ലൈഡ് സയൻസസും, വാഴിച്ചാൽ ഇമ്മാനുവൽ കോളേജ്, നെയ്യാറ്റിൻകര യു.ഐ.ടി. എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസസും, പെരിശ്ശേരി കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലെ വിദ്യാർത്ഥികൾക്ക് കാർത്തികപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസസും, പിരപ്പൻകോട് യു.ഐ.ടി.യിലെ വിദ്യാർത്ഥികൾക്ക് കുറവൻകോണം യൂ.ഐ.ടി.യിലുമായാണ് പരീക്ഷാ കേന്ദ്രങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മറ്റ് പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on* 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**